**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2096** **12-02-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.ടി. മലയാളം കാറ്റഗറി നമ്പർ 663/2012-ന്റെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പി.എസ്.സി.യുടെ എച്ച്.എസ്.ടി. മലയാളം കാറ്റഗറി നമ്പർ 663/2012 (റാങ്ക് ലിസ്റ്റ് നമ്പർ 410/2017/എസ്.എസ്.വി.) റാങ്ക് ലിസ്റ്റിലെ നാലുപേർക്ക് (റാങ്ക്നമ്പർ 29, 34, 36, 37) നിയമനം നൽകണമെന്ന സുപ്രീം കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയിന്മേൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ RP (Dairy) No.50442/2023 ആയി സർക്കാർ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ കോടതിയലക്ഷ്യ നോട്ടീസ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോടതിയിൽ വിശദീകരണം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | 29, 34, 36,37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമന സാധ്യതയുണ്ടോ; എങ്കിൽ നിയമനം നൽകുമ്പോൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് അവസാന നിയമനം നടന്നത് ഓപ്പൺ കാറ്റഗറിയിലെ ഇരുപതാം നമ്പർ റാങ്കുവരെയാണ് എന്നിരിക്കെ ശേഷം വരുന്ന റാങ്കുകാരെ ഒഴിവാക്കി 29, 34, 36,37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നപക്ഷം നിലവിലുള്ള ചട്ടപ്രകാരം പി.എസ്.സി നിയമന ശിപാർശ നൽകുകയാണെങ്കിൽ 29-ാം റാങ്ക്കാരന് മാത്രമാണ് നിയമന സാധ്യതയുള്ളത്. ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുള്ളതിനാൽ 29, 34, 36, 37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമനം നൽകിയിട്ടില്ല. |
| (ഡി) | മേൽ സൂചിപ്പിച്ച നമ്പർ റാങ്കുകാർക്ക് നിയമനം നൽകുന്നുണ്ടെങ്കിൽ അത് പ്രസ്തുത റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിന് മുമ്പ് നിലവിൽ വന്ന ഒഴിവുകളിലേക്കാണോ; വിശദമാക്കുമോ; | (ഡി) | 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നപക്ഷം നിലവിലുള്ള ചട്ടപ്രകാരം പി.എസ്.സി നിയമന ശിപാർശ നൽകുകയാണെങ്കിൽ 29-ാം റാങ്ക്കാരന് മാത്രമാണ് നിയമന സാധ്യതയുള്ളത്. ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുള്ളതിനാൽ 29, 34, 36, 37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമനം നൽകിയിട്ടില്ല. |
| (ഇ) | കോടതി വിധി പ്രകാരം പ്രസ്തുത നമ്പർ റാങ്കുകാർക്ക് നിയമനം നൽകുന്നുണ്ടെങ്കിൽ ആ ഒഴിവുകൾ 09.08.2023-ന് നിലവിൽ വന്ന പുതിയ റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 255/21, റാങ്ക് ലിസ്റ്റ് നമ്പർ 677/23/ എസ്.എസ്.III) ഉൾപ്പെട്ടവർക്ക് | (ഇ) | 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നപക്ഷം നിലവിലുള്ള ചട്ടപ്രകാരം പി.എസ്.സി നിയമന ശിപാർശ നൽകുകയാണെങ്കിൽ 29-ാം റാങ്ക്കാരന് മാത്രമാണ് നിയമന സാധ്യതയുള്ളത്. ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ ഹർജി ഫയൽ |

| | | | |
|---|---|---|---|
| | അർഹതപ്പെട്ടതാണോ; എങ്കിൽ മേൽ പറഞ്ഞ നിയമനം പുതിയ റാങ്കുലിസ്റ്റിലുള്ളരെ ബാധിക്കാതിരിക്കാൻ സ്വീകരിക്കുന്ന ബദൽ മാർഗ്ഗമെന്തെന്ന് അറിയിക്കുമോ? | | ചെയ്തിട്ടുള്ളതിനാൽ 29, 34, 36, 37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമനം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ